**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1400** **14-03-2022 - ൽ മറുപടിയ്ക്ക്**

**അസംഘടിത മേഖല തൊഴിലാളി സംരക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 കാലയളവിൽ അസംഘടിത മേഖല തൊഴിലാളി സംരക്ഷണ പദ്ധതി പ്രകാരമുള്ള പ്രയോജനം എത്രപേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ; ഈ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | 2021-22 കാലയളവിൽ അസംഘടിത മേഖല തൊഴിലാളി സംരക്ഷണ പദ്ധതി പ്രകാരമുള്ള പ്രയോജനം 38,419 പേർക്ക് (36,595 തയ്യൽ തൊഴിലാളികൾക്കും 1,824 മരം കയറ്റ തൊഴിലാളികൾക്കും) നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം അംസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 58 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പദ്ധതി നടപ്പിലാക്കുന്നതിനായി (കുടിശ്ശിക ഇനത്തിൽ) വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആയതിൽ നിന്നും 47.5 കോടിയോളം രൂപ 36,595-ഓളം തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ക്രമ നം. ജില്ല ഗുണഭോക്താക്കളുടെ എണ്ണം 1. തിരുവനന്തപുരം 4440 2. കൊല്ലം 6235 3. പത്തനംതിട്ട 767 4. ആലപ്പുഴ 2284 5. കോട്ടയം 1186 6. ഇടുക്കി 1062 7. എറണാകുളം 2075 8. തൃശ്ശൂർ 4507 9. പാലക്കാട് 1527 10. മലപ്പുറം 1577 11. കോഴിക്കോട് 5006 12. വയനാട് 885 13. കണ്ണൂർ 3585 14. കാസർഗോഡ് 1459 ആകെ 36595 2021-22 സാമ്പത്തിക വർഷം ഘടക പദ്ധതിയായ മരം കയറ്റ തൊഴിലാളികൾക്കുള്ള അവശതാ പെൻഷൻ ഇനത്തിൽ 3,37,18,000/- രൂപ സർക്കാർ അനുവദിക്കുകയും ജില്ലാ ലേബർ ഓഫീസർമാർ മുഖേന 1824 ഉപഭോക്താക്കൾക്ക് പദ്ധതി വിഹിതം വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. ക്രമ നം. ജില്ല ഗുണഭോക്താക്കളുടെ എണ്ണം 1. തിരുവനന്തപുരം 84 2. കൊല്ലം 94 3. പത്തനംതിട്ട 58 4. ആലപ്പുഴ 82 5. കോട്ടയം 58 6. ഇടുക്കി 68 7. എറണാകുളം 52 8. തൃശ്ശൂർ 160 9. പാലക്കാട് 143 10. മലപ്പുറം 229 11. കോഴിക്കോട് 329 12. വയനാട് 111 13. കണ്ണൂർ 199 |

| | | | |
|---|---|---|---|
| | | | 14. കാസർഗോഡ് 152 ആകെ 1824 അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, ശാക്തീകരിക്കുന്നതിനുമായി അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി, അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ എന്നീ മൂന്ന് വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ച് 'അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണം' പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | മൂന്നാറിലെ ലേബർ കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഈ നിർമ്മാണം എന്ന് പൂർത്തീകരിച്ച് തൊഴിലാളികൾക്ക് ഉപകാരപ്രദമായി പ്രവർത്തനം ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ? | (ബി) | മൂന്നാറിലെ ലേബർ കോംപ്ലക്സ് നിർമ്മാണം സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് മുഖേന നടന്നു വരുന്നു. 2018-2019 വർഷങ്ങളിലുണ്ടായ മഹാപ്രളയങ്ങളും അതോടനുബന്ധിച്ച് മൂന്നാർ മേഖലയിലുണ്ടായ (പെട്ടിമുടി അടക്കം) നിരവധി ഉരുൾപ്പൊട്ടലുകളും തുടർന്നുണ്ടായ നിയന്ത്രണങ്ങളും മാർച്ച് 2020 മുതൽ ആരംഭിച്ച കോവിഡ്-19 മഹാമാരിയെ തുടർന്നുണ്ടായ സമ്പൂർണ്ണ ലോക്ക്ഡൗണുകളും നിയന്ത്രിത ലോക്ക്ഡൗണുകളും കൂടാതെ 2021-ലെ കോവിഡ്-19 രണ്ടാം തരംഗത്തെ തുടർന്നുണ്ടായ കൂടുതൽ നിയന്ത്രണങ്ങളും നിർമ്മാണ പ്രവൃത്തിയുടെ പുരോഗമനത്തെ പ്രതികൂലമായി ബാധിച്ചിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ